പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1686

08-06-2018 ൽ മറുപടിക്ക്

**അഗ്രോ സർവ്വീസ് സെന്ററുകൾ**

ചോദ്യം

ശ്രീ.റ്റി.വി. രാജേഷ്
ശ്രീ. പി. ഉണ്ണി
ശ്രീ. യു.ആർ. പ്രദീപ്
ശ്രീ. കാരാട്ട് റസാഖ്

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | കർഷകർക്ക് എന്തെല്ലാം സേവനങ്ങളാണ് ഇത്തരം സെന്ററുകളിൽ നിന്ന് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കാർഷിക മേഖലയിലേക്ക് യുവാക്കളെ ആകർഷിക്കുന്നതിനും, തൊഴിൽ രഹിത യുവതി-യുവാക്കൾക്ക് കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനും, കൃഷി ആദായകരമാക്കുന്നതിനുമായി കൃഷി വകുപ്പ് 2012-13 മുതൽ അഗ്രോ സർവ്വീസ് സെന്റർ ആന്റ് സർവ്വീസ് ഡെലിവറി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. തെരഞ്ഞെടുത്ത ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് അഗ്രോസർവ്വീസ് സെന്ററുകൾ സ്ഥാപിച്ച് തെരഞ്ഞെടുത്ത അംഗങ്ങൾക്ക് കാർഷിക യന്ത്രോപകരണങ്ങളുടെ ഉപയോഗം, വിവിധ കാർഷിക പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ച പരിശീലനം നൽകി, സെന്റർ നിശ്ചയിക്കുന്ന നിരക്കിൽ വിവിധ കാർഷിക ഉപകരണങ്ങൾ വാടകയ്ക്ക് നൽകുകയും കാർഷിക പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്തു കൊടുക്കുകയും ചെയ്തുവരുന്നു.<br>കാർഷിക മേഖല നേരിടുന്ന കർഷക തൊഴിലാളി ക്ഷാമത്തിന് പരിഹാരം കണ്ടെത്തുക, കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങൾ, സേവനങ്ങൾ എന്നിവ നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് അഗ്രോസർവ്വീസ് സെന്ററുകൾ ആരംഭിച്ച് പ്രവർത്തിച്ചു വരുന്നത്. ഇവയുടെ പ്രവർത്തനത്തിലൂടെ പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | ലക്ഷ്യങ്ങൾ പൂർണ്ണമായും നേടുന്നതിന് സാധിച്ചിട്ടുണ്ട്.<br>കർഷക തൊഴിലാളി ക്ഷാമം പരിഹരിക്കുവാൻ അഗ്രോസർവ്വീസ് സെന്ററുകളുടെ പ്രവർത്തനം സഹായകരമാണ്. അഗ്രോ സർവ്വീസ് സെന്ററുകൾ വഴി വിവിധ കൃഷിപ്പണികളിൽ യന്ത്രങ്ങളുടെയും ടെക്നീഷ്യന്റെയും സേവനം കർഷകർക്ക് ലഭിക്കും. കാർഷിക യന്ത്രങ്ങൾ സേവനകേന്ദ്രത്തിൽ ലഭ്യമാണ്. അവ ഉപയോഗിച്ച് കർഷകർക്ക് സേവനം നൽകുന്നതിനും തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനും സാധിക്കുന്നു. നിലം ഒരുക്കൽ, മരുന്നു തളി, വിളവെടുപ്പ് എന്നീ പണികൾക്ക് അഗ്രോ സർവ്വീസ് സെന്ററുകളിലെ അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുന്നു. ഓരോ അഗ്രോസർവ്വീസ് സെന്ററുകളിലും വിദഗ്ധ പരിശീലനം ലഭിച്ച ടെക്നീഷ്യൻമാർ ഇതിനായി പ്രവർത്തിക്കുന്നു.<br>അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനങ്ങൾക്ക് പുറമെ കാർഷിക വികസനത്തിന് ആവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവവളം തുടങ്ങിയ ഉത്പാദനോപാധികളുടെ ഉത്പാദനം, വിതരണം കൃഷിപ്പണികൾക്കാവശ്യമായ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുക തുടങ്ങിയ സേവനങ്ങളും അഗ്രോസർവ്വീസ് സെന്ററുകൾ മുഖേന കർഷകർക്ക് നൽകിവരുന്നു. ട്രാക്ടർ, തെങ്ങുകയറ്റ യന്ത്രം, വീഡ് കട്ടർ, പവർ സ്പ്രെയർ, ഡ്രയർ, പമ്പ് സെറ്റ്, പവർടില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങൾ ഈ സേവനകേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇവ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുകയും കർഷകരുടെ യന്ത്രസാമഗ്രികൾ റിപ്പയർ ചെയ്ത് കൊടുക്കുകയും ചെയ്യുന്നു. |
| (സി) | ഈ വർഷം പുതിയതായി എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്; | (സി) | 2018-19 വർഷത്തിൽ 20 അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതാണ്. |
| (ഡി) | കാർഷിക സംസ്കരണം ലക്ഷ്യമാക്കി സ്ഥാപിക്കുന്ന അഗ്രോ പാർക്ക് എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിയ്ക്കാമോ? | (ഡി) | കാർഷിക സംസ്കരണം ലക്ഷ്യമാക്കി സ്ഥാപിക്കുന്ന അഗ്രോ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടി കെയ്കോ മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ